**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4711** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള വിതരണം എ.ഡി.ബി.യുടെ സഹായത്തോടെ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വാട്ടർ അതോറിറ്റിയിലെ തൊഴിലാളി സംഘടനകൾ എതിർപ്പ് ഉയർത്തിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കുടിവെള്ള വിതരണം എ.ഡി.ബി.യുടെ സഹായത്തോടെ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വാട്ടർ അതോറിറ്റിയിലെ ചില തൊഴിലാളി സംഘടനകൾ എതിർപ്പ് ഉയർത്തിയിട്ടുണ്ട്. തൊഴിലാളി സംഘടനകൾ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലും, മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിലും നൽകിയ പരാതികളുടെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് 04/06/2019 ലും 01/02/2023 ലും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നു. ആയതിന്റെ യോഗ നടപടി കുറിപ്പ് അനുബന്ധം 2-ആയി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ വ്യവസ്ഥകൾ സംബന്ധിച്ചാണ് എതിർപ്പ് ഉയർത്തിയിട്ടുള്ളതെന്നും ഈ കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദാംശം വ്യക്തമാകുമോ; | (ബി) | കുടിവെള്ള വിതരണം എ.ഡി.ബി.യുടെ സഹായത്തോടെ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വാട്ടർ അതോറിറ്റിയിലെ ചില തൊഴിലാളി സംഘടനകൾ എതിർപ്പ് ഉയർത്തിയിട്ടുണ്ട്. തൊഴിലാളി സംഘടനകൾ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലും, മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിലും നൽകിയ പരാതികളുടെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് 04/06/2019 ലും 01/02/2023 ലും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നു. ആയതിന്റെ യോഗ നടപടി കുറിപ്പ് അനുബന്ധം 2-ആയി ചേർക്കുന്നു. |
| (സി) | സ്വകാര്യ കമ്പനികൾ മുഖേന ജലവിതരണം നടത്തുമ്പോൾ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും തൊഴിലാളികളുടെ താല്പര്യങ്ങൾ | (സി) | ADB ധനസഹായത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള വിതരണ ശൃംഖലയുടെ നവീകരണവും പരിപാലനവും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കരാർ പ്രകാരം |

| | | | |
|---|---|---|---|
| | സംരക്ഷിക്കുന്നതിനുമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | കരാറുകാരൻ ഓരോ മാസവും 1020 വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തേണ്ടതുണ്ട്. (കണക്ഷനുകളുടെ എണ്ണം കൂടിയാൽ ഈ എണ്ണം വർദ്ധിച്ചേക്കാം). കേരള വാട്ടർ അതോറിറ്റി നിലവിൽ പരിപാലനം ചെയ്യുന്ന ട്രീറ്റ്മെൻറ് പ്ലാന്റുകളിൽ നിന്നും വിതരണ ടാങ്കുകളിൽ ലഭ്യമാക്കുന്ന വെള്ളം വിതരണ ടാങ്കുകളിൽ നിന്നും, ഉപഭോക്തൃ ടാപ്പുകളിൽ നിന്നും മാസത്തിൽ രണ്ടുതവണ പ്രധാന പാരാമീറ്ററുകൾക്കായി സാമ്പിളുകൾ എടുക്കുകയും പരിശോധിക്കുകയും വേണം. കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിൽ ഉപഭോക്താവിനു പരാതിയുണ്ടെങ്കിൽ പരാതിയുടെ മൂലകാരണം നിർണ്ണയിക്കാൻ കരാറുകാരൻ ഒരു അന്വേഷണം നടത്തുകയും ആവശ്യാനുസരണം പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതിയുടെ കാരണം കണ്ടെത്താൻ കരാറുകാരൻ പരാജയപ്പെട്ടാൽ, കരാറുകാരന്റെ ചിലവിൽ നിശ്ചിത സമയത്തിനുള്ളിൽ അത് ഏറ്റെടുത്ത് പരിഹരിക്കാനുമുള്ള അവകാശം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ

# കേരള വാട്ടർ അതോറിറ്റി സംയുക്ത സമരസമിതി

**KWAEU (CITU) AKWAEU (AITUC) AKWAO**

---

To

സൂപ്രണ്ടിംഗ് ഞ്ചിനീയർ
പി. എച്ച് സർക്കിൾ, കൊച്ചി

സർ,

വിഷയം: എ.ഡി.ബിയുടെ വായ്പ സ്വീകരിച്ച് കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി സംബന്ധിച്ച്

എ.ഡി.ബിയുടെ വായ്പ സ്വീകരിച്ച് നടപ്പാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് സംബന്ധിച്ച ഞങ്ങളുടെ ആശങ്കകൾ അങ്ങയുടെ അറിവിലേക്കായി ചുവടേ ചേർക്കുന്നു.

1. KWA യുടെ നിലവിലുള്ള 13 ഓഫിസുകൾക്ക് പകരം പ്രോജക്ടിന്റെ ഭാഗമായി ADB യുടെ സമാന്തര സംവിധാനം വരുമ്പോൾ നിലവിലുള്ള ജീവനക്കാരേയും ഓഫീസർമാരേയും എന്തു ചെയ്യും?

2. 51% NRW എന്ന കണക്കിന് ആധാരമായ ഡോക്യുമെന്റ് എവിടെ? Unaccounted എന്നത് account ചെയ്യുക എന്നതിന്നർത്ഥം കൂടുതൽ വെള്ളം ഉൽപാദിപ്പിക്കൽ അല്ലല്ലോ. അങ്ങനെ എങ്കിൽ ഏപ്രകാരമാണ് വെള്ളത്തിന്റെ അളവ് വർധിപ്പിക്കുക? പ്രസരണ നഷ്ടം കുറയ്ക്കും എന്ന് പറയുമ്പോൾ ഇവിടെ NRW എന്നാൽ വാട്ടർ leakage അല്ല എന്നതല്ലേ വസ്തുത.

3. Scope of the work define ചെയ്യാത്ത ടെണ്ടറിൽ ഒരു വർഷം കരാറുകാരൻ പഠനം നടത്തിയ ശേഷം Scope വ്യതിയാനം വന്നാൽ payment ൽ വ്യത്യാസം ഉണ്ടാവും. ഇത് അധിക ചിലവിന് കാരണമാകില്ലേ? അങ്ങനെ എങ്കിൽ അതിന്റെ സാമ്പത്തിക ബാധ്യത ആര് വഹിക്കും?

4. ജീവനക്കാരുടെ സംഘടനകൾക്ക് നൽകിയ ഉറപ്പിന് പുറമേ ബഹു : ജല വിഭവ വകുപ്പ് മന്ത്രി നിയമസഭയിൽ പറഞ്ഞത് ജീവനക്കാരെ മാറ്റുകയില്ലായെന്നാണ്. കരാറിൽ വരാത്ത ഈ കാര്യം എങ്ങനെ പ്രാവർത്തികമാക്കും?

5. PMU and PIU എന്താണ് ഇതു വരെ രൂപികരിക്കാത്തത്. കൃത്യമായ ഫയലിംഗ്, ഇടപെടൽ ഉണ്ടാവാതിരിക്കാനല്ലേ ഈ വൈകിപ്പിക്കൽ?

6. 7 വർഷത്തിനു ശേഷമുള്ള O&M ചാർജ്ജും ഇപ്പോഴത്തെ ടെണ്ടർ Excess ഉം സർക്കാർ നൽകുമോ? അതോ ഇവ വാട്ടർ അതോറിറ്റിയുടെ ബാദ്ധ്യതയായി മാറുമോ?

7. നഗരത്തിന് 50 MLD വെള്ളം കൂടുതൽ ആവശ്യമുണ്ടെന്ന് പുതിയ 190 MLD പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ പറയുമ്പോൾ 743 km പൈപ്പ് മാറ്റുന്നതിലൂടെ 24 X 7 Supply എങ്ങനെ ഉറപ്പാക്കും?

8. Key Performance Indicator അനുസരിച്ചുള്ള മെച്ചപ്പെട്ട പ്രവർത്തനം ഉണ്ടായില്ലെങ്കിൽ കരാർ തുകയിൽ നിന്ന് എത്ര രൂപ പിടിക്കാനാണ് വ്യവസ്ഥ? ഒന്നും ചെയ്തില്ല എങ്കിൽ 80% opex കോസ്റ്റ് കരാർ കമ്പനിക്ക് ലഭിക്കില്ലേ?

9. കൊച്ചിയിലെ കുടിവെള്ളത്തിന് ഗുണനിലവാരം ഇല്ലെന്ന DPR ലെ കണ്ടെത്തിലിന്റെ ആധാരം എന്താണ്?

10. പൊതു ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു എന്ന വസ്തുത കോർപറേഷനെയോ മറ്റ് ജനപ്രതിനിധികളെയോ അറിയിക്കാതെ എന്തുകൊണ്ട് നടപ്പിലാക്കുന്നു?

11. International arbitration വ്യവസ്ഥ ഈ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാറുകാരന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകാനിടയുള്ള അധിക ചിലവ്, റോഡുകൾ കുഴിക്കുന്നതിന് അനുമതി ലഭിക്കാനുള്ള കാലതാമസം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ഈ വ്യവസ്ഥ വാട്ടർ അതോറിറ്റിയുടെയും സംസ്ഥാനത്തിന്റെയും താൽപര്യങ്ങൾക്ക് വിരുദ്ധമല്ലേ?

ADB കരാറും ജീവനക്കാരും പൊതു സമൂഹവുമായി ബന്ധപ്പെട്ട കാതലായ ചില ചോദ്യങ്ങൾ മാത്രമാണ് മേൽപറഞ്ഞവ. ഇനിയും

പ്രതിപാദിക്കാത്ത ഒട്ടനവധി ചോദ്യങ്ങൾ ബാക്കിയാണ്. അതിനാൽ ടെണ്ടറിംഗ് അതോറിറ്റി എന്ന നിലയിലും എഗ്രിമെന്റ് അതോറിറ്റി എന്ന നിലയിലും അങ്ങ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി അവരുടെ തൊഴിലും, വേതനവും ഉറപ്പുവരുത്തുന്ന തരത്തിൽ ഉള്ള ഭേദഗതികൾ കൂടി കരാറിന്റെ ഭാഗമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്ത പക്ഷം എഗ്രിമെന്റ് വെച്ചാൽ പോലും വർക്കുമായി മുന്നോട്ട് പോവാൻ അനുവദിക്കില്ല എന്നും പണിമുടക്ക് ഉൾപ്പെടെ കർശന സമരങ്ങൾ പിന്നീട് ഉണ്ടാവും എന്നും മുന്നറിയിപ്പ് നൽകുന്നു. സംയുക്ത സമരമുന്നണിയുടെ നേതൃത്വവുമായി അടിയന്തിരമായി വിഷയം ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

**General Secretary**
**KWAEU (CITU)**

**General Secretary**
**AKWAEU (AITUC)**

**General Secretary**
**AKWAO**

കൊച്ചി
15-5-2024

# കേരള വാട്ടർ അതോറിറ്റി സംയുക്ത സമരസമിതി

**Kerala Water Authority Employees Union (CITU)** | **All Kerala Water Authority Employees Union (AITUC)** | **Association of Kerala Water Authority Officers (AKWAO)**

---

To

ടെക്നിക്കൽ മെമ്പർ
കേരള വാട്ടർ അതോറിറ്റി

സർ,

വിഷയം: എ.ഡി.ബി പദ്ധതിക്കെതിരെയുള്ള പ്രക്ഷോഭം സംബന്ധിച്ച്

എ.ഡി.ബിയുടെ വായ്പ സ്വീകരിച്ച് നടപ്പാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് സംബന്ധിച്ച ഞങ്ങളുടെ ആശങ്കകൾ ഇതോടൊപ്പമുള്ള കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യങ്ങൾ പല തവണ ഞങ്ങൾ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

ടെണ്ടർ സംബന്ധിച്ച എല്ലാ സുതാര്യതാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് കൊച്ചിയിലെ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കിന്റെ പ്രവൃത്തി സൂയസ് കമ്പനിയെ ഏൽപിക്കുന്നതിനുള്ള തിരക്കിട്ട ശ്രമങ്ങൾ നടക്കുന്നതായി ഞങ്ങൾ മനസ്സിലാക്കുന്നു. ഈ പ്രോജക്റ്റ് സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്യാമെന്ന ഉറപ്പ് ലംഘിച്ചുകൊണ്ട് കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർ കഴിഞ്ഞ ദിവസം സൂയസ് പ്രതിനിധികളുമായി ചർച്ച നടത്തിയതിനെ തുടർന്ന് സർക്കിൾ ഓഫീസിൽ നടന്ന പ്രക്ഷോഭം അങ്ങയുടെ ശ്രദ്ധയിൽ പെട്ടുകാണുമല്ലോ.

തുടർന്നും സംഘടനകളുടെ ആശങ്കകൾ അവഗണിച്ചുകൊണ്ട് പ്രോജക്റ്റുമായി മുന്നോട്ട് പോകാനോ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കെതിരെ പ്രതികാരനടപടികൾ സ്വീകരിക്കാനോ മാനേജ്മെന്റ് ശ്രമിക്കുന്ന പക്ഷം അനിശ്ചിതകാല ഉപരോധസമരത്തിന് ഞങ്ങൾ നിർബന്ധിതരായിത്തീരുമെന്ന് അങ്ങയെ അറിയിക്കുന്നു. പ്രസ്തുത

Scanned by CamScanner

സമരത്തിൽ ഞങ്ങൾക്കൊപ്പം പൊതുജനാധിപത്യപ്രസ്ഥാനങ്ങൾ കൂടി അണിനിരക്കുമെന്നും ഞങ്ങൾ അറിയിക്കുന്നു.

സാഹചര്യത്തിന്റെയും വിഷയത്തിന്റെയും ഗൗരവം ഉൾക്കൊണ്ട് വാട്ടർ അതോറിറ്റിയിലെ സംയുക്ത സമരസമിതി സംഘടനകളുമായി എത്രയും വേഗം ചർച്ച നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| **General Secretary**<br>**KWAEU (CITU)** | **General Secretary**<br>**AKWAEU (AITUC)** | **General Secretary**<br>**AKWAO** |

തിരുവനന്തപുരം

27-5-2024

# കേരള വാട്ടർ അതോറിറ്റി സംയുക്ത സമരസമിതി

| Kerala Water Authority Employees Union (CITU) | All Kerala Water Authority Employees Union (AITUC) | Association of Kerala Water Authority Officers (AKWAO) |
|---|---|---|

## എ.ഡി.ബിയുടെ വായ്പ സ്വീകരിച്ച് നടപ്പാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് പ്രോജക്റ്റ് (KUWSIP) സംബന്ധിച്ച് നൽകുന്ന കുറിപ്പ്

എ.ഡി.ബിയുടെ വായ്പ സ്വീകരിച്ച് കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് സംബന്ധിച്ച് ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകൾക്കുള്ള ആശങ്കകൾ താഴെ പറയുന്നു.

1. കൊച്ചിയിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി ആണ് ഇതിലെ ഏറ്റവും പ്രധാന ഘടകം. ഇത് ഇന്ന് വരെ കേരളത്തിൽ നടപ്പാക്കിയിട്ടില്ലാത്ത പുതിയ മാതൃകയിലാണ് നടപ്പാക്കുക. കരാർ കമ്പനിയുമായി കരാർ ഒപ്പ് വച്ച് 2 മാസം കഴിയുന്നതോടെ കൊച്ചി നഗരത്തിലെ വിതരണ ശൃംഖല കരാറെടുക്കുന്ന കമ്പനിക്ക് കൈമാറും. പിന്നെ 10 വർഷം അവർക്കാണ് ജലവിതരണത്തിന്റെ ചുമതല. കേരളത്തിൽ ഒരു ജലവിതരണ പദ്ധതിയുടെ വിതരണശൃംഖല പൂർണമായും ഒരു സ്വകാര്യ കമ്പനിയെ ഏൽപിക്കുന്നത് ആദ്യമായാണ്. ഇത് പുതിയ മാതൃക ആയി മാറിയേക്കാം. ലോകത്തെ ഏറ്റവും വലിയ സ്വകാര്യ കുടിവെള്ള കമ്പനിയായ സൂയസ് ആണ് ഈ പ്രവൃത്തിക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത്.
2. മറ്റ് ടെണ്ടറുകളിൽ നിന്ന് വ്യത്യസ്തമായി ഈ ടെണ്ടറിൽ കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തികൾ (സ്കോപ്പ് ഓഫ് ടെണ്ടർ) കൃത്യമായി നിർവചിച്ചിട്ടില്ല. കരാറെടുക്കുന്ന കമ്പനി ആദ്യത്തെ ഒരു വർഷം വിതരണശൃംഖലയെ പറ്റി പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ തീരുമാനിക്കുകയുമാണ് ചെയ്യുക. ഈ വ്യവസ്ഥ മത്സരാധിഷ്ഠിതമായ ടെണ്ടർ സംബന്ധിച്ച അംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

3. ഈ പ്രവൃത്തിക്കായി എ.ഡി.ബി കൺസൾട്ടന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിനെ ആധാരമാക്കിയാണ് സാങ്കേതികാനുമതി നൽകിയിരിക്കുന്നത്. ആ എസ്റ്റിമേറ്റിൽ ധാരാളം അപാകതകൾ കടന്നുകൂടിയതായും ഇതിന്റെ ഫലമായി എസ്റ്റിമേറ്റ് തുക വളരെയധികം ഉയർന്നതായും ഞങ്ങൾ മനസ്സിലാക്കുന്നു.

4. സൂയസ് എന്ന ബഹുരാഷ്ട്ര കമ്പനിയാണ് പ്രവൃത്തിക്ക് ക്വോട്ട് ചെയ്തിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് തുക 798.13 കോടിയും ക്വോട്ട് ചെയ്ത തുക 982.18 കോടിയുമാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ 23 ശതമാനം കൂടുതലാണ് കോട്ട് ചെയ്ത തുക. 184 കോടി രൂപയാണ് ഇതിന്റെ ഫലമായി അധിക ചിലവ് വരിക. നിലവിലെ സർക്കാർ ഉത്തരവ് അനുസരിച്ച് പരമാവധി എസ്റ്റിമേറ്റ് തുകയേക്കാൾ 10 ശതമാനം അധികം അല്ലെങ്കിൽ ലോക്കൽ മാർക്കറ്റ് റേറ്റ് മാത്രമാണ് അനുവദിക്കാൻ കഴിയുക. എന്നാൽ ഈ ടെണ്ടർ പാസാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നതായാണ് മനസിലാക്കുന്നത്.

5. പത്ത് വർഷം നീണ്ട് നിൽക്കുന്ന ഈ പ്രോജക്ടിൽ പ്രൈസ് എസ്കലേഷൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ കാലയളവിൽ പ്രൈസ് ഇൻഡക്സ് മാറുന്നതനുസരിച്ച് കോട്ട് ചെയ്ത തുക മാറിക്കൊണ്ടിരിക്കും. അതിനാൽ യഥാർത്ഥത്തിൽ കരാറുകാരൻ കോട്ട് ചെയ്ത തുകയെക്കാൾ എത്രയോ കൂടുതൽ തുക അയാൾക്ക് നൽകേണ്ടതായി വരും. ഇത് സർക്കാരിനും വാട്ടർ അതോറിറ്റിക്കും വലിയ ബാദ്ധ്യതയായി മാറാൻ സാദ്ധ്യതയുണ്ട്.

6. 7 വർഷം വരെയാണ് നിർമാണപ്രവൃത്തികൾ നടക്കുക. അത്രയും കാലം മാത്രമേ വായ്പ ലഭിക്കുകയുള്ളൂ. അവസാന 3 വർഷം പദ്ധതിയുടെ പരിപാലന ചിലവ് സർക്കാർ പൂർണമായും വഹിക്കേണ്ടി വരും. പ്രതിവർഷം 30 കോടി രൂപയാണ് കമ്പനി ക്വോട്ട് ചെയ്തിരിക്കുന്നത്. ഇത് ആർ.ബി.ഐ ഇൻഡക്സ് അനുസരിച്ച് കൂടിക്കൊണ്ടിരിക്കും.

7. പരിപാലനത്തിനുള്ള എസ്റ്റിമേറ്റിൽ ധാരാളം പിശകുകളുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ എസ്റ്റിമേറ്റിൽ മിക്കവാറും ഇനങ്ങൾക്ക് സർക്കാർ അംഗീകൃത നിരക്കുകൾ ലഭ്യമല്ല. എ.ഡി.ബിയുടെ തന്നെ നിർദ്ദേശപ്രകാരമാണ് ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഈ നിരക്കുകൾ പലതും വളരെ കൂടുതലാണെന്ന് മനസ്സിലാക്കുന്നു.

8. കൊച്ചി നഗരത്തിലെ വിതരണശൃംഖലയിൽ 51 ശതമാനം ജലനഷ്ടമുണ്ടെന്നാണ് ഈ പ്രവൃത്തിയുടെ ടെണ്ടർ ഡോക്യുമെന്റിൽ പറഞ്ഞിരിക്കുന്നത്. ഇത് 20 ശതമാനമായി കുറക്കണമെന്നതാണ്

കരാറിലെ പ്രധാന നിബന്ധന. എന്നാൽ വിതരണശൃംഖലയിലെ ജലനഷ്ടം ഇത്രയും ഉണ്ടാകില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. യഥാർത്ഥ കണക്കുകൾ വാട്ടർ അതോറിറ്റിയിൽ ഇല്ല. എന്നാൽ പരമാവധി 35നും 40നും ഇടയിൽ ജലനഷ്ടമേ ഉണ്ടാവുകയുള്ളൂ എന്നും ചില ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു. അതിനാൽ കമ്പനിക്ക് യഥാർത്ഥത്തിൽ ചെയ്യേണ്ടി വരുന്ന പ്രവൃത്തിയുടെ അളവ് വളരെ കുറവായിരിക്കും.

9. റോഡ് മുറിക്കുന്നത് അടക്കമുള്ള അനുമതികൾ യഥാസമയം കിട്ടാത്തത് കാരണമോ മറ്റ് കാരണങ്ങളാലോ പ്രവൃത്തി നീണ്ട് പോവുകയും തർക്കമുണ്ടാവുകയും ചെയ്താൽ കമ്പനിക്ക് ഇന്റർനാഷണൽ ആർബിട്രേഷന് പോകാൻ വ്യവസ്ഥയുണ്ട്. ഇങ്ങനെ സംഭവിച്ചാൽ സിംഗപ്പൂരിൽ വച്ചാണ് ആർബിട്രേഷൻ നടക്കുക. ഇത് വാട്ടർ അതോറിറ്റിക്ക് ദോഷകരമായിരിക്കും.
10. മേൽ പറഞ്ഞ കാര്യങ്ങളൊന്നും ഇതു വരെയും കൊച്ചി കോർപ്പറേഷനെ അറിയിക്കുകയോ അവരുമായി പ്രോജക്റ്റിനെ പറ്റി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിയെ പറ്റി തികഞ്ഞ അജ്ഞതയാണ് കോർപ്പറേഷനുള്ളത്.
11. പദ്ധതി നടപ്പിലാക്കി തുടങ്ങുന്ന രണ്ടാം വർഷമുതൽ കോർപ്പറേഷൻ പരിധിയിലുള്ള 14 ഓഫിസുകളിൽ നിന്നായി 200 സ്ഥിരം ജീവനക്കാർക്കും, ആശ്രിത കരാർ ജീവനക്കാരായ 500 തൊഴിലാളികൾക്കും തൊഴിൽ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെടും. ചിലപ്പോൾ ജീവനക്കാർക്ക് മറ്റുജില്ലയിലേക്ക് നിർബന്ധിത സ്ഥലംമാറ്റം കൊടുക്കേണ്ടിവരും.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയെ പറ്റി പുനർവിചിന്തനം നടത്തുവാനും തീരുമാനമെടുക്കുന്നതിന് മുമ്പ് സംഘടനകളുമായി ചർച്ച നടത്തുവാനും നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**എ ഡി ബി യുടെ ധനസഹായത്തോടെ, കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24*7 ജലവിതരണ പദ്ധതിയെ കുറിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുവാൻ മാനേജിംഗ് ഡയറക്ടർ 04.06.2019 ൽ 11 മണിക്കു വിളിച്ച് ചേർത്ത യോഗത്തിന്റെ നടപടികുറിപ്പ്.**

യോഗം 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയം അവതരിപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർ ചീഫ് എഞ്ചിനീയർ, പ്രോജക്ടിനോട് നിർദ്ദേശിച്ചു. തുടർന്ന് കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24*7 ജലവിതരണ പദ്ധതിയെകുറിച്ച് ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. പദ്ധതി ചെലവിന്റെ 70% ഗവൺമെന്റ് ഓഫ് ഇന്ത്യ വഴി എ.ഡി.ബി വായ്പയായും ബാക്കി 30% കേരള സർക്കാരും ആണ് വഹിക്കുന്നത്. ആകെ 10 വർഷമുള്ള കോൺട്രാക്ടിൽ 7 വർഷം വരെ ലോൺ ലഭ്യമാകും. അവസാന 3 വർഷം ആവശ്യമായ തുക കേരള വാട്ടർ അതോറിറ്റി കണ്ടെത്തേണ്ടിവരും.

എ ഡി ബി യെ എന്തുകൊണ്ട് ഫണ്ടിംഗ് ഏജൻസിയായി തിരഞ്ഞെടുത്തു എന്ന സി.ഐ.റ്റി.യു വിന്റെ ചോദ്യത്തിനു അത് 2017 ൽ ഗവൺമെന്റിന്റെ തീരുമാനം അനുസരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. തുടർന്ന് പി എം യു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പദ്ധതിയുടെ സ്കോപ്പ് അവതരിപ്പിച്ചു. സി ഐ റ്റി യു താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

പദ്ധതിയുടെ ഡി പി ആർ ഉണ്ടാക്കിയത് എ ഡി ബി കൺസൾട്ടന്റ് ആയതിനാൽ അത് എ ഡി ബി യുടെ താല്പര്യങ്ങൾക്ക് അനുയോജ്യമാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ അത് കേരള വാട്ടർ അതോറിറ്റി വിശദമായി പരിശോധിക്കണം. സ്ഥാപനത്തെയും ജീവനക്കാരെയും ദോഷകരമായി ബാധിക്കുന്ന തീരുമാനങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുണ്ട്.

ജിക്ക പദ്ധതിയുടെ ഭാഗമായും ജൻറം പദ്ധതിയുടെ ഭാഗമായുമെല്ലാം ഇതിനകം തന്നെ കോടിക്കണക്കിനു രൂപയുടെ പദ്ധതികൾ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ ഇനിയും വൻമുതൽ മുടക്കിൽ തിരുവനന്തപുരത്തിനു പദ്ധതി ആവശ്യമുണ്ടോയെന്നു പുനപരിശോധിക്കണം. പ്രത്യേകിച്ചും പുതിയ രണ്ട് ശുദ്ധീകരണ ശാലകളുടെ പണികൾ നടന്നു വരുന്ന സ്ഥിതിയിൽ.

കൊച്ചിക്ക് 24*7 ജലവിതരണ പദ്ധതി അത്യവശ്യമാണ്. പക്ഷേ പദ്ധതിയുടെ നിബന്ധനകൾ പുനപരിശോധിച്ച് സുതാര്യത ഉറപ്പ് വരുത്തണം.

തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ കുടിവെള്ള വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കണം.

പ്ലാന്റുകളുടേയും പൈപ്പ് ലൈനുകളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ നിലവിലെ കുടിവെള്ള വിതരണത്തിനു തടസ്സമുണ്ടാകാത്ത രീതിയിൽ മുൻകരുതലുകൾ കൈകൊള്ളണം.

എൻ ആർ ഡബ്ല്യൂയു 44% - 45% എന്ന കണ്ടെത്തൽ കൃത്യമാകാൻ സാധ്യതയില്ല. ഉല്പാദനത്തിലേ കുറവുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഫ്ലോമീറ്ററുകൾ സ്ഥാപിച്ച് ഉല്പാദനത്തിൽ കുറവുണ്ടോയെന്നു പരിശോധിക്കണം.

തുടർന്ന് ഐ എൻ റ്റി യു സി യും അവരുടെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

എ.ഡി.ബി പദ്ധതിയുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടേയും മറ്റും പ്രവർത്തനം നിർത്തലാക്കുമ്പോൾ കുടിവെള്ളം മുടങ്ങാതിരിക്കാനായി ബൈപാസ് സജ്ജീകരണങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

ലോൺ എടുക്കുന്നതിനോട് എതിർപ്പില്ല. എന്നാൽ ഇതിന്റെ തിരിച്ചടവ് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

പലസ്ഥലങ്ങളിലും ഇപ്പോൾ ലഭ്യമാകുന്ന കുടിവെള്ളം നിശ്ചിത ഗുണനിലവാരത്തിലുള്ളതല്ല. ആയതിനാൽ എ ഡി ബി പദ്ധതി നിലവിൽ വരുമ്പോൾ ജലത്തിന്റെ ഗുണനിലവാരത്തിന് മുതിർന്ന പരിഗണന നല്കേണ്ടതുണ്ട്.

മേൽ നിർദ്ദേശങ്ങൾ എല്ലാം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നു മാനേജിംഗ് ഡയറക്ടർ അറിയിച്ചു. യോഗം 12.30 ന് അവസാനിച്ചു.

മാനേജിംഗ് ഡയറക്ടർ

Draft #9 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:03 PM - Page 1

**ADB assisted Kerala Urban Water Supply Improvement Project (KUWSIP) - Minutes of the meeting held with INTUC Union Representatives Chaired by The Managing Director, KWA at Board Room,KWA,Jalabhavan on 01.02.23 at 12.00 Noon.**

## LIST OF PARTICIPANTS:

1. Sri. Venkatesapathy S, IAS, Managing Director, KWA
2. Sri G. Sreekumar, Technical Member, KWA
3. Sri Shijith V, FM& CAO, KWA
4. Sri Anil Kumar. K.K, CE(P&O), KWA
5. Sri T. S. Sudheer, CE (CR), KWA
6. Sri Suresh Kumar T.K, Dy. CE (CR), KWA
7. Sri Narayanan Namboodiri T. V, DCE, PIU-4 (i/c), KWA
8. Sri Naushad. A, DCE, PIU-2, KWA
9. Sri Muhammed Shahi, EE, P H Division Kochi
10. Sri Biju P, KWASA (INTUC)
11. Sri Ragesh B, KWASA (INTUC)
12. Sri Shaiju T. S, KWASA (INTUC)
13. Sri Ajith Kumar. R, AEE, Vyttilla Sub Division, Kochi
14. Sri Ajish V. C, AEE, NRW, Executive Engineer(i/c), Office of The CE(CR)
15. Sri Rajesh Leskhman, AEE, Pallimukku Sub Division, Kochi
16. Smt. Sathi Kumari. V, AEE, Karuvelippady Sub Division, Kochi
17. Smt. Neethu Mohan, AEE, Kaloor Sub Division, Kochi
18. Smt. Saumya G,AEE,PIU-4
19. Smt. Bindu S,AE,PIU-4
20. Sri. Anikumar G, PA to SE, PH Circle, Kochi

The meeting started at 12.00 noon with the Managing Director, KWA welcoming all the participants.

DCE, CE (CR) office presented the details of the project, KUWSIP-Distribution Network Package in Kochi City. In the discussion the following matters were pointed out.

- The calculation of 51% NRW in Kochi Corporation arrived in the DPR prepared by ADB, TA Consultant from the available data collected from KWA office in 2017. It is not indicated whether the supply through stand posts and other losses addressed in the above figure.
- The total length of distribution pipeline, type of pipes (HDPE &DI) identified to be replaced in this work.
- The tangible and intangible benefits of the project.
- The total quantity produced for supply to Kochi city is 203 MLD.

INTUC representatives expressed their apprehensions regarding the contents in the bidding documents of Kochi Distribution Package

- There are no discussions or meetings with trade unions regarding the above project so far, particularly in a different mode of execution.
- There are contradictions in DPR and Bidding Document (Technical Specification).
- The mode of co-ordination of KWA Staff and ADB (Consultant/Contractor Staff), the roles to be clearly defined.
- The calculation of 51% NRW is not accurate as per the current data available in KWA.
- Concern regarding the retired officials of KWA joining with the contractor/consultant after retirement for this work.
- Repayment and interest rate of loan from ADB as far as current KWA situation is concerned. Loss of KWA /increase in water tariff etc that affects the authority.
- Regarding the above the FM&CAO replied that ADB is in agreement with GoI and GoI will enter into a back-to-back agreement with GoK. Only after loan negotiation the repayment structure will be clarified.
- There is no provision for production enhancement in this project and the AS for 190 MLD WTP proposal for Aluva is not yet obtained.
- Replacement of Premo pipes is not included in this work. Replacement of pipes in Kochi Corporation area have already been included in AMRUT-2 project.
- DPR shows KWA in a very non-efficient range of functioning.
- Expat cost & O&M Cost are very high and is provided as LS amount.
- Employers audit on a monthly basis is included in the project, then the deployment of KWA staff in Kochi office is needed or not.
- As per the bidding document the contractor is allowed to test the quality of water in private lab when KWA has the facility of NABL accredited labs all over Kerala.

Draft #9 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:03 PM - Page 2

- Clarification required regarding classification of non-domestic connections as institutional and commercial which is not as per KWA norms.
- Whether Factories & Boilers Act is applicable in this Project.
- The provision regarding the expansion of this project outside the Kochi Corporation Area is allocated in this work or not.
- Since 24X7 water supply is available in few wards in Kochi Corporation, why can't KWA itself can provide the same in other areas with our technical expertise.
- Whether the total staff now working in Kochi will be redeployed or not.
- Documents regarding this project should be published and further discussion required to clear the apprehensions among KWA Staff. Otherwise protest will continue in coming days.

The Managing Director, answered the queries raised by INTUC representatives as follows.

- The primary motive of the project is to provide safe and sustainable water supply to the public.
- KWA does not have all the necessary data, then assumptions as rational as possible are taken as criteria for DPR preparation. The approximations can be refined in due course during the base line period of one year and KWA staff shall work in tandem in the project.
- This is proper time to correct the system and to improve KWA capacity development.
- Revenue collection, meter reading and issue of bills will be under the control of KWA itself.
- No displacement of KWA staff will take place due to the implementation of this project.
- The implementation of this project will be under the supervision of KWA staff.
- The empowerment of PIU at KOCHI and PMU at Thiruvananthapuram will be carried out at the earliest.
- The retired officials of KWA can only be involved with this project as per the existing rules and regulations.ie only after 3 years from the date of retirement.
- The technical specifications have to be corrected according to the approved bid document and will publish all the relevant document in KWA website.
- All the approved documents related to the project have to uploaded in KWA

Draft #9 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:03 PM - Page 3

website in a chronological order.

- The repayment of loan will only be as per Government directives on borrowings.
- All issues arising at any stage can be resolved through mutual consultation at the relevant levels.
- As the project is to be operated and maintained by KWA staff itself after 10 years, KWA staff must work in tandem with the contractor during the execution period and acquisition of the necessary capacity building is also envisaged in this project work.

IFB to be published to better understand the ground reality.

The meeting came to an end at 1.10 pm.

Venkatesapathy S. IAS
Managing Director

To
The Technical Member / The Accounts Member / The Chief Engineer (Projects & Operations / CE, Central Region / FM&CAO / SE, PH Circle, Kochi

Draft #9 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:03 PM - Page 4

The document is digitally approved. Hence signature is not needed.

**ADB assisted Kerala Urban Water Supply Improvement Project (KUWSIP) - Minutes of the meeting held with KWAEU-CITU, AKWAO Union Representatives, Chaired by The Managing Director,KWA at Board Room,KWA,Jalabhavan on 01.02.23 at 2.30PM.**

## LIST OF PARTICIPANTS:

1. Sri. Venkatesapathy S, IAS, Managing Director, KWA
2. Sri. G. Sreekumar, Technical Member, KWA
3. Sri. Shijith. V, FM& CAO, KWA
4. Sri. Anil Kumar. K.K, CE(P&O), KWA
5. Sri. T. S. Sudheer, CE(CR), KWA
6. Sri. Suresh Kumar T.K, Dy. CE (CR), KWA
7. Sri. Narayanan Namboodiri T. V, DCE, PIU-4 (i/c), KWA
8. Sri. Naushad. A, DCE, PIU-2, KWA
9. Sri. Muhammed Shahi, EE, P H Division Kochi
10. Sri. Unnikrishnan. P, KWAEU- CITU
11. Sri. Shaji. B. R, KWAEU- CITU
12. Sri. Hemanth. G. R, KWAEU- CITU
13. Sri. Ranjeev. S, AKWAO
14. Sri. Suresh. K, AKWAO
15. Sri. Thampi. S, AKWAO
16. Sri. Santhosh Kumar. E. S, AKWAO
17. Sri. Shihabudeen. A, AKWAO
18. Sri. V. Amrutha Raj, KWAEU- CITU
19. Sri Ajith Kumar. R, AEE, P.H.Sub Division,Vyttila, Kochi
20. Sri Ajish V. C, AEE, NRW, Executive Engineer(i/c), Office of the CE(CR)
21. Sri Rajesh Leskhman, AEE, P.H.Subdivision, Pallimukku, Kochi
22. Smt. Sathi Kumari. V, AEE, P H Sub Division, Karuvelippady, Kochi
23. Smt. Neethu Mohan, AEE, P H Sub Division, Kaloor
24. Smt. Saumya G,AEE, PIU-4

Draft #10 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:02 PM - Page 1

25. Smt. Bindu S, AE, PIU-4

26. Sri. Anikumar G, PA to SE, PH Circle, Kochi

The meeting started at 2.30 PM with the Technical Member, KWA welcoming all the participants. Managing Director joined the meeting at 3.15 pm.
DCE, CE (CR) office presented the details of the project, KUWSIP-Distribution Network Package in Kochi City. In the discussion the following matters were pointed out.

- The calculation of 51% NRW in Kochi Corporation arrived in the DPR prepared by ADB, TA Consultant from the available data collected from KWA offices in 2017. It is not indicated whether the supply through stand posts and other losses addressed in the above figure.
- The total length of distribution pipeline, type of pipes (HDPE &DI) identified to be replaced in this work.
- The tangible and intangible benefits of the project
- The total quantity produced for supply to Kochi city is 203 MLD.

KWAEU-CITU and AKWAO representatives expressed their apprehensions regarding the contents in the DPR as well as in the bidding documents of Kochi Distribution Package

- The Key Performance Indicators (KPI) should be clearly indicated in the project.
- The concern regarding O&M Performance measures calculations and the payment conditions/module included in the bidding document. Since LS provision is adopted in AMP cost, minimum 80% payment will be payable to the contractor even if he doesn't complete all the works as per the conditions in the bid document.
- The production capacity of Kochi corporation is 150 MLD as per the calculation available with union representatives and NRW is 35%. So, the contractor has to reduce the NRW to a meagre 15% only to achieve national level benchmark of 20%, which is a very small figure considering the huge project cost. The contractor can achieve the KPIs with minimum interventions.
- The mode of co-ordination of KWA Staff and ADB (Consultant/Contractor Staff), the roles to be clearly defined.
- The data collected by ADB TA Consultant for preparation of DPR was not accurate and documentation was also not there to substantiate the data.
- How the data taken by contractor is verified or checked by KWA eg: GIS, Survey & Investigation.

Draft #10 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:02 PM - Page 2

- TS Committee constituted in the CE(CR) Office consists of KWA Staffs who prepared the TS estimate which is not a correct practice.
- By what norm this huge lumpsum amount for O&M contained in the TS estimate sanctioned by CE(CR).
- The detailed study and scope of work are not included in Terms of Reference and Aide Memoire.
- The assurance given by the CE(CR) in the meeting held with KWAEU-CITU, AKWAO Union representatives on 25.01.2023 is not complied and TS was given by the CE(CR) without taking into account their concerns. These concerns will be presented in a representation to MD, KWA and MD assured that this will be submitted to GoK at the earliest.
- What are the terms and conditions of loan agreement with GoI, GoK and KWA and what is the covenant between KWA, GoK and GoI.
- The Aide Memoire published in KWA website specifies that the Water distribution system in Kochi will be rehabilitated and operated and maintained on a Operate, Design, Build and Maintain contracting framework over ten-year period and KWA role is limited as a mere witness.
- Repayment and interest rate of loan from ADB as far as current KWA situation is concerned such as GoK grant and other aids are being cut down nowadays and KWA is in a critical financial situation, may not be advisable to avail such a loan.
- The complexity of implementing this project in a city like Kochi which is waterlogged and possibility of trenching beyond 50 cm is a concern.
- Rehabilitation /Refurbishment of WTP which is included in the second package of this project only yields quality enhancement and not increase in production. Hence implementation of project became bottlenecked due to above reasons.
- By this project KWA is spending Rs.230 per connection per month instead of Rs.20 per connection per month as per the prevailing O&M Charges which is not acceptable.
- Any confirmation or documentary evidence that this project will be transferred to KWA after 10 years. Is Govt. given any commitment regarding the ultimate ownership of water supply system to KWA.
- The selection of implementation of this project in Thiruvananthapuram and Kochi cities which are the highly revenue generating centers of KWA is suspicious.
- There are no discussions or meetings with trade unions regarding the above project so far, particularly in a different mode of execution. So, the union representatives requested to discuss the issues and concerns regarding the above project at Govt. level.

Draft #10 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:02 PM - Page 3

- The failures in implementation of JICA/JNNURM/UIDSSMT/KSUDP projects are a real concern and the same had given a lot of liability to KWA Technical Staff. So utmost care should be taken before implementing this kind of huge project. Hence clarity on scope as well as role of PMU, PIU, KWA employees must be specific and crystal clear in order to avoid further dispute.
- The Union representatives enquired whether a reply was sent for the Govt. letter No. WS-B3-297/2021 dated 23/11/2021 regarding International Arbitration and lot of constraints in this ADB project. The constraints of KWA in implementing the project are not seen addressed to Govt.
- There is no provision for production enhancement in this project and the AS for 190 MLD WTP proposal for Aluva is not yet obtained.
- Expat cost & O&M Cost are very high and is provided as LS amount.
- The provision regarding the expansion of this project outside the Kochi Corporation Area is allocated in this work or not.
- Since 24X7 water supply is available in few wards in Kochi Corporation, why can't KWA itself can provide the same in other areas also with our technical expertise.
- Whether the total staff now working in Kochi will be redeployed or not.
- All the terms and conditions to be discussed with all stakeholders including trade unions.

The Managing Director, answered the queries raised by KWAEU-CITU and AKWAO representatives as follows.

- The primary motive of the project is to provide safe and sustainable water supply to the public.
- Regarding loan negotiation, MD, KWA replied that ADB is in agreement with GoI and GoI will enter into back-to-back agreement with GoK. ADB gives their share of 70% as loan to GoI and GoI will reallocate the same to State.
- KWA does not have all the necessary data, then assumptions as rational as possible are taken as criteria for DPR preparation. The approximations can be refined in due course during the base line period of one year and KWA staff shall work in tandem in the project. So, this is proper time to correct the system and to improve KWA capacity development. It is the right of the citizen to get good service and KWA has the responsibility to deliver the same.
- Revenue collection, meter reading and issue of bills will be absolutely in control of KWA. The implementation of this project will be under the supervision of KWA staff.

Draft #10 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:02 PM - Page 4

- The empowerment of PIU at KOCHI and PMU at Thiruvananthapuram will be carried out at the earliest.
- All the approved documents related to the project have to uploaded in KWA website in a chronological order.
- KWA has the responsibility to check the work of the contractor in this project and the contractor shall provide training to KWA Staff in the operation and maintenance of the works, transfer of technology etc.
- Technical Sanction has been accorded and Invitation for Bid (IFB) to be released immediately.
- The repayment of loan will only be as per Government directives on borrowings.
- All issues arising at any stage can be resolved through mutual consultation at the relevant levels.
- As the project is to be operated and maintained by KWA staff itself after 10 years, KWA staff must work in tandem with the contractor during the execution period and acquisition of the necessary capacity building is also envisaged in this project work.

  IFB to be released to better understand the field reality
- The Managing Director assured that there will be a meeting in every month during the course of implementation of this project.

The meeting came to an end at 4.45 pm.

Venkatesapathy S. IAS
Managing Director

To

The Technical Member / The Accounts Member / The Chief Engineer (Projects & Operations / CE, Central Region / FM&CAO / SE, PH Circle, Kochi

Draft #10 of File KWA/PMU/ADB/15/2021 Approved by Managing Director on 04-Feb-2023 02:02 PM - Page 5

The document is digitally approved. Hence signature is not needed.